# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7234 16.07.2012 ന് മറുപടിയ്ക്ക്

**ആലപ്പുഴ ജില്ലയിലേക്കും തിരിച്ചുമുള്ള വില്ലേജ് ഓഫീസർമാരുടെ സ്ഥലം മാറ്റപ്പട്ടിക**

**ചോദ്യം**

ശ്രീ.പി. തിലോത്തമൻ

(എ) വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച് മറ്റ് ജില്ലകളിലേയ്ക്ക് പോയ ജീവനക്കാരിൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്പെഷ്യൽ ഓർഡർ പ്രകാരം എത്ര പേർ സ്വന്തം ജില്ലകളിലേയ്ക്ക് തിരിച്ചു നിയമിക്കപ്പെട്ടു എന്നു വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ആലപ്പുഴ ജില്ലയിലേയ്ക്ക് തിരികെ നിയമിക്കപ്പെട്ടവർ എത്രയെന്ന് വിശദമാക്കുമോ;

(സി) സ്പെഷ്യൽ ഓർഡർ പ്രകാരം തിരികെ സ്വന്തം ജില്ലയിലേയ്ക്ക് നിയമിക്കപ്പെടേണ്ട വില്ലേജ് ഓഫീസർമാരുടെ അപേക്ഷകളിൽ മുൻഗണനാക്രമം തീരുമാനിക്കപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; നിലവിൽ അപ്രകാരം തിരികെ നിയമിക്കപ്പെടാൻ മുൻഗണന നിശ്ചയിക്കപ്പെട്ടവരുടെ പേരുകളും അവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള നമ്പരുകളും വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ),(ബി),(സി),(ഡി) & (ഇ)
വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച് മറ്റ് ജില്ലകളിലേയ്ക്ക് പോയ ജീവനക്കാരിൽ, ഈ സർക്കാർ അധികാരമേറ്റ ശേഷം സ്പെഷ്യൽ ഓർഡർ പ്രകാരം ആർക്കും തന്നെ സ്ഥലം മാറ്റം നൽകിയിട്ടില്ല.

(ഡി) ആലപ്പുഴ ജില്ലയിലേയ്ക്ക് സ്പെഷ്യൽ ഓർഡർ പ്രകാരം നിയമിക്കപ്പെടാൻ നിശ്ചയിച്ചിട്ടുള്ള വില്ലേജ് ഓഫീസർമാരുടെ പേരു വിവരവും സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പരും മുൻഗണനാ ക്രമത്തിൽ വ്യക്തമാക്കാമോ;

(ഇ) സ്പെഷ്യൽ ഓർഡർ പ്രകാരം ആലപ്പുഴ ജില്ലയിലേയ്ക്ക് തിരികെ നിയമിക്കപ്പെടേണ്ട വില്ലേജ് ഓഫീസർമാരിൽ സീനിയോറിറ്റി ലിസ്റ്റിലെ 9435-ാം നമ്പർ ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുണ്ടോ എന്നു അറിയിക്കാമോ; ഇദ്ദേഹത്തിന്റെ പേര് അറിയിക്കാമോ; 9435-ാം നമ്പർ ഉദ്യോഗസ്ഥനായ കാസർഗോഡ് ജില്ലയിലെ ജീവനക്കാരന്റെ സീനിയോറിറ്റി നമ്പർ 9535 എന്ന നമ്പരിലെ ഉദ്യോഗസ്ഥന് നൽകി സ്പെഷ്യൽ ഓർഡർ ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ